ആശുപത്രി ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി

5 [*272] ശ്രീ. പി. നാരായണൻ :

,, കെ. പി. രാജേന്ദ്രൻ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ കേടായിക്കിടക്കുന്ന ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ എന്തെങ്കിലും പദ്ധതികളുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ കേടായിക്കിടക്കുന്നവ എത്രവരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇവ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ ഫണ്ട് നിലവിലുണ്ടോ ;

(ഡി) ഇതിനായി ഒരു മോണിറ്റിംഗ് സെൽ രൂപീകരിച്ചതെന്നാണ് ;

(ഇ) ഈ സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ കേടായ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ അധികാരം നൽകി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 3,00,000 രൂപ വരെയുള്ള പ്പണികൾ ആരോഗ്യ വകുപ്പിന് ചെയ്യാവുന്നതാണ്. ഇതനുസരിച്ച് ഉപകരണങ്ങൾ കേടുപാടുകൾ തീർത്ത് കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

?

(സി) ഉണ്ട്.

(ഡി) 2003 ഡിസംബർ 30-ന്

(ഇ) സംസ്ഥാനത്തെ ആശുപത്രികളിൽ കേടായിക്കിടക്കുന്ന ഉപകരണങ്ങളെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2003 ഡിസംബറിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ കേരളാ സ്റ്റേറ്റ് ഹോസ്പിറ്റൽ എക്യുപ്മെന്റ്സ് പെർഫോർമൻസ് മോണിട്ടറിംഗ് സെൽ രൂപവൽക്കരിച്ചു. ഇതിന്റെ പ്രധാന ഉദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വിവിധ ആശുപത്രികളിലുള്ള വിലപിടിപ്പുള്ള ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത വിലയിരുത്തുക, സംസ്ഥാനത്തെ വിവിധതലങ്ങളിലുള്ള ആശുപത്രി അധികൃതർക്ക് ഉപകരണങ്ങളുടെ കേടുപാട് തീർത്ത് ഉപയോഗക്ഷമമാക്കുന്നതിനുവേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയവയാണ്.

ടി സെല്ലിന്റെ പ്രവർത്തന ഫലമായി കേടായ ഉപകരണങ്ങൾ നന്നാക്കുതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലുമുള്ള വിവിധ തലങ്ങളിലെ ആശുപത്രി സൂപ്രണ്ടുമാരേയും ജില്ലാ റഫ്രിജറേഷൻ മെക്കാനിക്കുകളുടേയും എച്ച്. ഇ. ആർ. യൂണിറ്റിലെ റഫ്രിജറേഷൻ മെക്കാനിക്കുകളുടേയും യോഗം വിളിച്ചുകൂട്ടി ആശുപത്രി ഉപകരണങ്ങളുടെ കേടുപാട് തീർത്ത് കാര്യക്ഷമമാക്കുന്നതിനു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും, ടി സംരംഭത്തിനായി യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനുള്ള നിർദ്ദേശവും ആരോഗ്യവകുപ്പ് നൽകിക്കഴിഞ്ഞു.

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുടെ പ്രവർത്തനം

6 [*273] ശ്രീ. രാജു എബ്രഹാം :
,, എം. വി. ജയരാജൻ :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ ;

(ബി) തൊണ്ടി സാധനങ്ങൾ രാസപരിശോധന നടത്തി കോടതിക്കും അന്വേഷണ ഉദ്യോഗസ്ഥൻമാർക്കും വിദഗ്ധ റിപ്പോർട്ട് നൽകുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) തൊണ്ടി സാധനങ്ങളുടെ വരവിലുണ്ടായ വർദ്ധനവും സ്റ്റാഫിന്റെ അപര്യാപ്തതയും ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ കുറവുംമൂലം പതിനായിരക്കണക്കിന് തൊണ്ടി സാധനങ്ങൾ പരിശോധനയ്ക്ക് അവശേഷിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നാളിതുവരെ പരിശോധനക്കായി ലഭിച്ച തൊണ്ടി സാധനങ്ങളിൽ അവശേഷിക്കുന്നവയുടെ കണക്ക് ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly